ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ ശുദ്ധജല പദ്ധതി

44 [927] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം വിവിധ ഏജൻസികൾ മുഖേന ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ ശുദ്ധജല കുടിവെള്ള പദ്ധതികൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഏജൻസികൾ ആരെല്ലാമെന്നും എത്രപേർക്ക് പ്രയോജനം ലഭിക്കുന്ന പദ്ധതികളാണെന്നും ഇതിന് എത്ര രൂപ ചെലവഴിച്ചുവെന്നും വിശദമാക്കുമോ;

(സി) "സ്വജൽധാരാ" പദ്ധതിയിൽ ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം എം. എൽ. എ. ഫണ്ട് ഉപയോഗിച്ച് കരിമ്പ ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന തമ്പുരാൻചോല കുടിവെള്ള പദ്ധതിയും ചെർപ്പുളശ്ശേരി ഹയർ സെക്കണ്ടറി സ്കൂളിലേക്കുള്ള ശുദ്ധജലവിതരണ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികളെല്ലാംതന്നെ കേരളാ വാട്ടർ അതോറിറ്റി മുഖേനയാണ് നടപ്പിലാക്കിയത്. തമ്പുരാൻചോല കുടിവെള്ള പദ്ധതിയുടെ പ്രയോജനം 600 പേർക്കും ചെർപ്പുളശ്ശേരി ഹയർ സെക്കണ്ടറി സ്കൂളിലേക്കുള്ള ശുദ്ധജലവിതരണപദ്ധതിയുടെ പ്രയോജനം 950 പേർക്കും ലഭിക്കുന്നു. തമ്പുരാൻചോല കുടിവെള്ള പദ്ധതിക്ക് 3 ലക്ഷം രൂപയും ചെർപ്പുളശ്ശേരി ഹയർ സെക്കണ്ടറി സ്കൂളിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതിക്ക് 0.62 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) "സ്വജൽധാരാ" പദ്ധതിയിൽ ശ്രീകൃഷ്ണപുരം മണ്ഡലത്തിലെ കരിമ്പ ഗ്രാമപഞ്ചായത്തിനെയാണ് ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ളത്.

കോഴിക്കോട് ജില്ലയിലെ തലക്കളത്തൂർ, എലത്തൂർ എന്നീ പഞ്ചായത്തുകളിലെ ശുദ്ധജല വിതരണ പദ്ധതി

45 [928] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ തലക്കളത്തൂർ, എലത്തൂർ എന്നീ പഞ്ചായത്തുകളിലെ ശുദ്ധജല വിതരണപദ്ധതിയുടെ ജലസംഭരണ കേന്ദ്രമായ വാഹേൽ ചീപ്പിൽ ചിലപ്പോൾ ഉപ്പുവെള്ളം കയറുന്ന കാര്യം വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly